# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2521 18.02.2016-ലെ മറുപടിയ്ക്ക്

## ജാതിയുടെ പേരിലുള്ള വിവേചനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.രാധാകൃഷ്ണൻ,<br>ശ്രീ.പി.ടി.എ റഹീം,<br>ശ്രീ.എ.കെ ബാലൻ,<br>ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| എ) | ചെങ്ങന്നൂരിൽ ദളിത് യുവതിയെ കൂട്ട ബലാത്സംഗം ചെയ്തതുൾപ്പെടെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കെതിരായ വിവേചനത്തിന്റെയും പീഡനങ്ങളുടെയും റിപ്പോർട്ടുകൾ പുറത്ത് വന്നിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ചെങ്ങന്നൂരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതിയെ കൂട്ട ബലാത്സംഗം ചെയ്തതുമായി ബന്ധപ്പെട്ട സംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ വിവേചനങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇവർക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | കാസർകോട് കേന്ദ്ര സർവ്വകലാശാലയിൽ ദളിത് വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി രജിസ്ട്രേഷൻ നൽകുന്നതിൽ വിവേചനം കാണിക്കുന്നതായ റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) | കാസർകോട് കേന്ദ്ര സർവ്വകലാശാലയിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി രജിസ്ട്രേഷൻ നൽകുന്നതിൽ വിവേചനം കാണിക്കുന്നതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടില്ല. |
| സി) | ജാതിയുടെ പേരിലുള്ള വിവേചനം ആവർത്തിക്കാതിരിക്കാനും ദളിതർക്കുനേരെ വർദ്ധിച്ചു വന്നിരിക്കുന്ന ആക്രമണ സംഭവങ്ങളിൽ ഉടൻ നടപടി സ്വീകരിക്കാനും തയ്യാറാകുമോ ; | സി) | പട്ടികജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, പട്ടികജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടങ്ങൾ 1995 എന്നിവ പ്രകാരം അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ നിയമപ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ എല്ലാ ജില്ലകളിലും വർഷം തോറും |

സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത നിയമ പ്രകാരമുള്ള കേസുകൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡി) ദളിത് വിഭാഗങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഡി) പട്ടികജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, പട്ടികജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടങ്ങൾ 1995 എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും, പ്രസ്തുത വിഭാഗങ്ങൾക്ക് ആവശ്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**